ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 അനലിസ്റ്റ് ലാബുകളിൽ അയച്ച് പരിശോധിച്ചു വരുന്നു. പരിശോധനയിൽ മായം ചേർക്കൽ കണ്ടെത്തുന്ന പക്ഷം കുറ്റക്കാർക്ക് എതിരെ പ്രസ്തുത നിയമത്തിലെ സെക്ഷൻ 16 പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത ഭക്ഷ്യ വസ്തുക്കളിൽ ഗവൺമെന്റ് അനലിസ്റ്റുമാർ നടത്തിയ പരിശോധനയിൽ അപ്രകാരം ഒരു ന്യൂനത റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) മായം ചേർക്കൽ നിരോധന ചട്ടം 32(i)(iv) പ്രകാരം പരമാവധി 7 ദിവസം വരെ `shelf life' ഉള്ള പായ്ക്ക് ചെയ്ത ആഹാര പദാർത്ഥങ്ങളിൽ ഉല്പാദന തീയതി രേഖപ്പെടുത്തേണ്ടതില്ല. അത് ഏത് ദിവസത്തിന് മുമ്പ് (use by date) ഉപയോഗിക്കണമെന്ന് ഉല്പാദിപ്പിക്കുന്ന ആളോ, പായ്ക്ക് ചെയ്യുന്ന ആളോ ലേബലിൽ രേഖപ്പെടുത്തിയാൽ മതി. "use by date" വലിപ്പത്തിലും വ്യക്തമായും രേഖപ്പെടുത്തുന്നതിന് ബ്രഡ്ഡിന്റെയും അതുപോലുള്ള ഭക്ഷ്യ വസ്തുക്കളുടെയും ഉല്പാദകർക്ക് നിർദ്ദേശം നൽകിവരുന്നു.

കേരളീയ പ്രവാസി സംഗമം പരിപാടിയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ

25 (*475) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്കയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നോർക്ക വകുപ്പിന്റെയും നോർക്ക -റൂട്ട്സിന്റെയും ആഭിമുഖ്യത്തിൽ കേരളത്തിൽ നടന്ന 'കേരളീയ പ്രവാസി സംഗമം' പരിപാടിയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിശോധിച്ചിരുന്നുവോ ;

(ബി) നോർക്കയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പ്രായോഗിക നിർദ്ദേശങ്ങളാണ് ഇത്തരത്തിൽ സർക്കാരിന് ലഭിച്ചത് ;

(സി) ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു ;

(ഡി) ഇനിയും എന്തൊക്കെ കാര്യങ്ങൾ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) വിവിധ പ്രവാസി അസോസിയേഷനുകളുടെ സഹകരണത്തോടെ 2008-ൽ നടത്തിയതരത്തിലുള്ള പ്രവാസി സംഗമം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (വി. എസ്. അച്ചുതാനന്ദൻ) :

(എ) നോർക്കയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നോർക്ക വകുപ്പിന്റേയും നോർക്ക - റൂട്ട്സിന്റേയും ആഭിമുഖ്യത്തിൽ കേരളത്തിൽ നടന്ന 'കേരളീയ പ്രവാസി സംഗമം' പരിപാടിയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ട്.

(ബി) നോർക്കയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടത്തിയ കേരളീയ പ്രവാസി സംഗമം 2008-ൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളാണ് പ്രവാസികൾക്കായുള്ള തിരിച്ചറിയൽ കാർഡ്, ആഗോള മലയാളി സംഗമവും യുവജനോത്സവവും, പ്രവാസി ക്ഷേമനിധി, പ്രവാസി മലയാളികൾക്കായി നിക്ഷേപം ആകർഷിക്കുന്നതിലേക്കായി പുതിയ കമ്പനി, ഹെറിറ്റേജ് വില്ലേജ്, സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം എന്നിവ.

(സി) കേരളീയ പ്രവാസി സംഗമം 2008-ൽ ഉരുത്തിരിഞ്ഞ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ പ്രവാസികൾക്കായുള്ള തിരിച്ചറിയൽ കാർഡ്, സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം, ക്ഷേമനിധി എന്നിവ നടപ്പിൽവരുത്തിയിട്ടുണ്ട്.

(ഡി) ഹെറിറ്റേജ് വില്ലേജ് നടപ്പിലാക്കുന്നതിനായി 2009-2010 വർഷത്തിൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. 2010 -11 വർഷത്തിലും 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഒരു സാദ്ധ്യതാ പഠനം നടത്താൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ കമ്പനി രൂപീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശം നിയമ വകുപ്പുമായി ആലോചിച്ചു വരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

(ഇ) അത്തരമൊരു കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ആദിവാസികളുടെ ക്ഷേമത്തിനായി വനംവകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

26 (*476) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ക്ഷേമത്തിനായി വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ;

(ബി) പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനും കുടിവെള്ള പദ്ധതികൾക്കും വനഭൂമി ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly